(ബി) ഇത്തവണ വിതരണം ചെയ്ത പെൻഷൻ തുകയിൽ പലർക്കും അറുന്നൂറ് രൂപ (3 X 600 = 1800) വീതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് എങ്ങനെ സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പി.എഫ്. പെൻഷൻ വാങ്ങുന്നവർക്ക് പെൻഷൻ തുകയിൽ കുറവുവരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

75 വയസ്സിന് താഴെ - 1100 രൂപ

75 വയസ്സിന് മുകളിൽ - 1500 രൂപ

2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ

80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ - 1100/-

80 ശതമാനത്തിന് മുകളിൽ വൈകല്യമുള്ളവർ - 1300/-

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 1100/-

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 1100/-

5. കർഷത്തൊഴിലാളി പെൻഷൻ - 1100/-

(ബി) ഉണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷനും സ്വന്തമായി പെൻഷൻ തുക വിതരണം ചെയ്യാത്ത ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷ പെൻഷൻ 600 രൂപയായി നിജപ്പെടുത്തി വിതരണം ചെയ്യുന്നതിന് സ.ഉ.(എംഎസ്.)നമ്പർ 67/2017/ധന. തീയതി 6-2-2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ഡി) ഇല്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

200 (T2758) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ എത്ര പേർക്ക് വിതരണം ചെയ്തു; ഏതൊക്കെ മാസത്തെ തുകയാണ് വിതരണം ചെയ്തത്;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമൂഹ്യ ക്ഷേമ പെൻഷന് സംസ്ഥാനത്ത് എത്ര പേർ അർഹരായിട്ടുണ്ട്;

(സി) സാമൂഹ്യ ക്ഷേമ പെൻഷൻ നൽകുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിൽ സഹകരണ ബാങ്കുകൾ മുഖേന എത്ര കോടി രൂപ നേരിട്ട് വീടുകളിൽ എത്തിച്ചിട്ടുണ്ട്;

(ഇ) ബാങ്കുകൾ വഴി എത്ര കോടി രൂപ നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ 3702753 പേർക്ക് വിതരണം ചെയ്തു. 2017 ജനവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ തുകകൾ ഒന്നിച്ചാണ് വിതരണം ചെയ്തത്.

(ബി) സാമൂഹ്യ ക്ഷേമ പെൻഷന് സംസ്ഥാനത്ത് 4166618 പേർ അർഹരായിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം 11,44,01,76,600 രൂപ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്.

(ഡി) സഹകരണ ബാങ്കുകൾ മുഖേന 5,54,28,37,500 രൂപ നേരിട്ട് വീടുകളിൽ എത്തിച്ചിട്ടുണ്ട്.

(ഇ) ബാങ്കുകൾ വഴി 5,897340300 രൂപ നൽകിയിട്ടുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പാസ്സ് വേഡ് പദ്ധതി**

201 (2759) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുവേണ്ടി നടത്തുന്ന പാസ്സ്‌വേഡ് പദ്ധതി കഴിഞ്ഞ അധ്യയന വർഷം എത്ര സ്കൂളുകളിൽ സംഘടിപ്പിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എറണാകുളം ജില്ലയിൽ എത്ര മണ്ഡലങ്ങളിലെ സ്കൂളുകളിൽ സംഘടിപ്പിച്ചു;

(സി) പ്രസ്തുത സ്കൂളുകളുടെ പേരുവിവരം ലഭ്യമാക്കാമോ?